⇨ ഗുജറാത്തിൽ കാർഷികോല്പാദനം കുറഞ്ഞുവെന്നാണ് ഇതുകാണിക്കുന്നത് ⇨

തെരഞ്ഞെടുപ്പ് നിലപാടുകൾ...

# താങ്കൾ എന്തിനാണ് കള്ളം പറയുന്നത്?

വാരണാസിയിൽ ബി.ജെ.പിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്ര മോഡിക്കെതിരെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചുകൊണ്ട് ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്രിവാൾ ധീരമായ വെല്ലുവിളി ഏറ്റെടുത്തിരിക്കുകയാണ്. ഗുജറാത്തിനെ വികസന മാതൃകയായി ഉയർത്തിക്കാണിക്കുന്ന നരേന്ദ്രമോഡിയോട് കെജ്രിവാൾ 17 ചോദ്യങ്ങൾ ചോദിച്ചിരുന്നു. ഗുജറാത്ത് മാതൃകയുടെ പൊള്ളത്തരങ്ങളും സർക്കാറിന്റെ കോർപ്പറേറ്റ് താത്പര്യങ്ങളും തുറന്നുകാണിക്കുന്ന ആ ചോദ്യങ്ങളോട് പ്രതികരിക്കാൻ മോഡി ഇന്നും തയ്യാറാട്ടില്ല.

**അരവിന്ദ് കെജ്രിവാൾ**

1. കെ.ജി ബേസിൻ ഗ്യാസിന്റെ വില യൂണിറ്റിന് 16 ഡോളർ ആയി വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? താങ്കൾ പ്രധാനമന്ത്രിയായാൽ യൂണിറ്റിനു 16 ഡോളർ ആയി വില കൂടുമോ?

2. യൂണിറ്റിന് 13 രൂപ വച്ച് താങ്കളുടെ സർക്കാർ സൗരോർജ്ജം വാങ്ങിക്കുന്നുവെന്നത് സത്യമാണോ? അതും ടെണ്ടർ പിടിക്കാതെ? മദ്ധ്യപ്രദേശ് യൂണിറ്റിന് 7.5 രൂപയും കർണ്ണാടക 5.50 രൂപയും വച്ചാണ് ടെണ്ടർ മുഖേന സൗരോർജ്ജം വാങ്ങുന്നത്. അപ്പോൾ, എന്തുകൊണ്ട് താങ്കളുടെ സർക്കാർ ഇത്രയും കൂടിയവിലക്ക് വൈദ്യുതി (സൗരോർജം) വാങ്ങുന്നു?

3. ഗുജറാത്തിലെ കാർഷിക വളർച്ചാ നിരക്ക് 13% ആണെന്നാണ് താങ്കളുടെ വാദം. പക്ഷേ 2006-2007ൽ സംസ്ഥാനത്തെ കാർഷിക ഉല്പാദനം 27,815 കോടി രൂപയായിരുന്നുവെന്നാണ് താങ്കളുടെ തന്നെ സർക്കാരിന്റെ കണക്ക് 2012-2013ൽ ഇത് 25,908 രൂപയായി. താങ്കളുടെ ഭരണകാലത്ത് ഗുജറാത്തിൽ കാർഷികോല്പാദനം കുറഞ്ഞുവെന്നാണ് ഇതുകാണിക്കുന്നത്. വാർഷിക കാർഷിക വളർച്ചയാകട്ടെ 7.18 ശതമാനവും. കാർഷിക വളർച്ചാനിരക്ക് 11 ശതമാനമാണെന്ന് താങ്കൾ എന്തടിസ്ഥാനത്തിലാണ് അവകാശപ്പെടുന്നത്?

4. കഴിഞ്ഞ പുതുവർഷത്തിനിടയിൽ ഗുജറാത്തിലെ മൂന്നിൽ രണ്ടുഭാഗം ചെറുകിട വ്യവസായങ്ങളും അടച്ചുപൂട്ടുകയുണ്ടായി. മെഹ്സാന എന്ന ചെറിയ സ്ഥലത്തുതന്നെ ആകെയുള്ള 187-ൽ 140 ചെറുകിട വ്യവസായ യൂണിറ്റുകളും അടച്ചുപോയതായി ഞങ്ങൾ കണ്ടെത്തി. ഇതാണോ താങ്കൾ ഉദ്ദേശിക്കുന്ന വികസന മാതൃക? ഈ രാജ്യത്തെ ചെറുകിട ഇടത്തരം വ്യവസായങ്ങൾ അടച്ചുപൂട്ടിച്ച്, വ്യവസായത്തെ ഏതാനും ചില കുത്തകകാർക്ക് മാത്രമായി തീറെഴുതികൊടുക്കാനാണോ ഉദ്ദേശിക്കുന്നത്?

5. ഗുജറാത്തിൽ അഴിമതിയേ ഇല്ലെന്നാണ് താങ്കൾ അവകാശപ്പെടുന്നത്. എന്നാൽ ഭീകരമായ അഴിമതിയാണ് സർക്കാർ വകുപ്പുകളിൽ നടമാടുന്നതെന്നാണ് ഗ്രാമങ്ങളിലേയും നഗരങ്ങളിലെയും ജനങ്ങൾ ഞങ്ങളോടു പറഞ്ഞത്. ബി.പി.എൽ കാർഡിനും സർക്കാർ സേവനങ്ങൾക്കും ലൈസൻസിനുമൊക്കെയായി ജനങ്ങൾക്ക് കൈമടക്ക് നൽകേണ്ടി വരുന്നു. ഗുജറാത്തിൽ അഴിമതിയില്ലെന്ന് താങ്കൾക്കെങ്ങനെ അവകാശപ്പെടാനാകും?

6. താങ്കളുടെ മന്ത്രിമാരിൽ കുറഞ്ഞത് രണ്ടുപേരെ

*⇨ ഗുജറാത്തിൽ നിന്നും സത്യസന്ധരെ കണ്ടെത്തി മന്ത്രിയാക്കാനാകില്ലേ താങ്കൾക്ക്?⇨*




സർക്കാർ ഗ്രാമങ്ങളിലേക്ക് വൈദ്യുതിയെത്തിച്ചുവെന്ന് നിങ്ങൾ രാജ്യമൊട്ടാകെ പറഞ്ഞുനടക്കുന്നു. വർഷങ്ങളായി വൈദ്യുതി കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന നാലു ലക്ഷം കർഷകരെ ഞങ്ങൾ കാണുകയുണ്ടായി. ഇന്നു വരെയും അവർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. താങ്കൾ എന്തിനാണ് പൊള്ളയായ അവകാശവാദങ്ങൾ നിരത്തുന്നത്?

ങ്കിലും സാമ്പത്തിക ക്രമക്കേടുകളിലെ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആറു കോടി ഗുജറാത്തികളിൽ നിന്നും സത്യസന്ധരെ കണ്ടെത്തി മന്ത്രിയാക്കാനാകില്ലേ താങ്കൾക്ക്?

7. മുകേഷ് അമ്പാനിയുമായുള്ള താങ്കളുടെ ബന്ധത്തെക്കുറിച്ച് വിശദീകരിക്കാമോ?

8. ഗുജറാത്ത് സർക്കാരിലെ 1500 ജൂനിയർ തസ്തികകളിലേക്ക് പതിമൂന്ന് ലക്ഷം ആളുകളാണ് അടുത്തിടെ അപേക്ഷിച്ചത്. സംസ്ഥാനത്ത് തൊഴിലില്ലായ്മ ഇല്ലെന്ന് താങ്കൾ ഇനിയും അവകാശപ്പെടുന്നുണ്ടോ?

9. താങ്കളുടെ സർക്കാർ കരാറടിസ്ഥാനത്തിൽ നിയമിച്ച യുവാക്കൾക്ക് 5300 രൂപയാണ് മാസവേതനം. 5300 രൂപകൊണ്ട് ഒരു വിദ്യസമ്പന്നന് അന്തഃസ്സായി കഴിഞ്ഞുകൂടാനാകുമോ?

10. രാജ്യത്തെ ദരിദ്രക്ക് നല്ല വിദ്യാഭ്യാസം നൽകണമെന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന് താങ്കൾ കരുതുന്നുണ്ടോ? കഴിഞ്ഞ കുറച്ചുദിവസങ്ങളായി ഗുജറാത്തിലെ ഗ്രാമനഗരങ്ങൾ തോറും സഞ്ചരിക്കുകയായിരുന്നു ഞങ്ങൾ. ഗുജറാത്തിലെ സർക്കാർ സ്കൂളുകളുടെ സ്ഥിതി പരമദയനീയമാണ്. 600 കുട്ടികൾക്ക് ക്ലാസെടുക്കാൻ പ്രിൻസിപ്പളടക്കം മൂന്നു ടീച്ചർമാർ  മാത്രമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഞങ്ങൾ കാണുകയുണ്ടായി. ഇത്തരമൊരു വിദ്യാഭ്യാസ പദ്ധതിയിലൂടെ രാജ്യത്തിന് എങ്ങനെ പുരോഗതി പ്രാപിക്കാനാകും?

11. മികച്ച ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുകയെന്നത് സർക്കാർ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നതാണെന്ന് താങ്കൾ സമ്മതിക്കുന്നുണ്ടോ? സംസ്ഥാനമൊട്ടാകെ സർക്കാർ ആഭിമുഖ്യത്തിലുള്ള ആരോഗ്യ സേവനങ്ങൾ വികലമാക്കപ്പെട്ടിരിക്കുന്നു. എവിടെ നോക്കിയാലും അഴിമതിയാണ്. പലഗ്രാമങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ അട

ച്ചുകിടക്കുന്നു. മിക്കതും നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. താലൂക്ക് ജില്ലാതല ആശുപത്രികളിൽ പകുതിയിലധികം തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ഉള്ളവരോ, ജോലിക്ക് വരുന്നുമില്ല. ആശുപത്രികളിൽ മരുന്നുകൾക്കെല്ലാം ക്ഷാമമാണ്. ഈ സാഹചര്യങ്ങളിൽ ഗുജറാത്തിൽ മികച്ച ആരോഗ്യ സേവനങ്ങളാണ് നിലവിലുള്ളതെന്ന് എന്തിനാണ് കള്ളം പറയുന്നത്?

12. ഗുജറാത്തിലെമ്പാടുമുള്ള കൃഷിക്കാർ താങ്കളുടെ സർക്കാരിനോട് അത്ര രസത്തിലല്ല. ഉല്പാദനത്തിന് ചെലവാക്കുന്നതിനേക്കാൾ കുറവേ അയാൾക്ക് തിരികെ ലഭിക്കുന്നുള്ളു. കാരണം ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കാതെ സർക്കാർ അവരെ ഒഴിവാക്കുന്നു. ആത്മഹത്യ ചെയ്യാൻ കർഷകർ നിർബന്ധിക്കപ്പെടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ ഏകദേശം 800 ഓളം കർഷകർ ഗുജറാത്തിൽ ജീവനൊടുക്കിയിട്ടുണ്ട്. താങ്കളാകട്ടെ അവർക്ക് നൽകിക്കൊണ്ടിരുന്ന എല്ലാ സബ്സിഡികളും നിർത്തലാക്കുകയും ചെയ്തു.

13. സർക്കാർ ഗ്രാമങ്ങളിലേക്ക് വൈദ്യുതിയെത്തിച്ചുവെന്ന് നിങ്ങൾ രാജ്യമൊട്ടാകെ പറഞ്ഞുനടക്കുന്നു. വർഷങ്ങളായി വൈദ്യുതി കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന നാലു ലക്ഷം കർഷകരെ ഞങ്ങൾ കാണുകയുണ്ടായി. ഇന്നുവരെയും അവർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. താങ്കൾ എന്തിനാണ് പൊള്ളയായ അവകാശവാദങ്ങൾ നിരത്തുന്നത്?

14 കർഷകരുടെ ഭൂമി അവരിൽ നിന്നും തട്ടിയെടുത്ത് പ്രിയപ്പെട്ട വ്യവസായികൾക്ക് ചുളുവിലക്ക് നൽകുകയാണ് താങ്കളുടെ സർക്കാർ ചെയ്യുന്നത്. പല കർഷകർക്കും നഷ്ടപരിഹാരം പോലും കിട്ടിയിട്ടില്ല. നഷ്ടപരിഹാരം കിട്ടിയതോ, കമ്പോളവിലയുടെ അടുത്തെങ്ങുമെത്താത്ത തുകയും. അഡാനി, അമ്പാനി മുതലായവർക്ക് ചതുരശ്രമീറ്ററിന് ഒരു രൂപ നിരക്കിൽ നൽകാനായി കൃഷിഭൂമി തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടാണ് താങ്കളുടെ സർക്കാർ കർഷകരോട് നിർദയമായി പെരുമാറുന്നത്?

15. നർമദാ അണക്കെട്ടിന്റെ ഉയരം 2005–ൽ കൂട്ടിയത് കച്ച് പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനായിരുന്നു. എന്നാൽ എട്ടുവർഷത്തിനുശേഷവും അവർ വെള്ളത്തിനായി കാത്തിരിക്കുകയാണ്. കാരണം ഈ ജീവജലം താങ്കൾക്ക് പ്രിയപ്പെട്ട ചില വ്യവസായികൾക്കു നൽകുകയായിരുന്നു. കച്ച് വാസികളോട് എന്തേ ഈ വിവേചനം?

16. കച്ചിൽ ജീവിക്കുന്ന സിക്കുകാരുടെ ഭൂമി പിടിച്ചെടുത്തില്ലെന്ന് താങ്കൾ പഞ്ചാബിൽ പറഞ്ഞു. താങ്കളുടെ സർക്കാർ സിക്ക് കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കാൻ കോടതിയെ സമീപിക്കുകയല്ലേ സത്യത്തിൽ ചെയ്തത്? എന്തുകൊണ്ട് ആ കേസ് പിൻവലിക്കുന്നില്ല?

17. സ്വകാര്യ ഹെലികോപ്റ്ററുകളിലും വിമാനങ്ങളിലുമായി താങ്കൾ ചുറ്റിക്കറങ്ങുന്നു. അത്തരം എത്ര വാഹനങ്ങൾ താങ്കൾക്കു സ്വന്തമായുണ്ട്. ആരുടേതാണ് ഈ വാഹനങ്ങൾ? യാത്രച്ചെലവായി താങ്കൾ എത്ര കൊടുക്കുന്നു? അതോ മറ്റാരെങ്കിലും അതൊക്കെ അടക്കുന്നുണ്ടോ? വിമാനയാത്രാച്ചെലവുകൾ താങ്കൾക്ക് പരസ്യമാക്കാമോ?

(പരിഭാഷ: അജിതൻ) ■

## ഗുരുവായൂരിലെ മാടമ്പിമാർ

'ആതി' എന്ന നോവലിലൂടെ സാറാ ജോസഫ് ഗുരുവായൂർ ഭക്തരെ അവഗേളിച്ചു എന്നാരോപിച്ച് ഗുരുവായൂരിലെ ഒരു സംഘടനയുടെ പ്രവർത്തകർ പത്രസമ്മേളനം നടത്തിയിരിക്കുന്നു. സാറടീച്ചറെ വരുന്ന തെരഞ്ഞെടുപ്പിൽ പിന്തുണയ്ക്കരുതെന്നും ഇവർ ആഹ്വാനം ചെയ്തു. ഗുരുവായൂരിലെ മാലിന്യപ്രശ്നം ഗൗരവമുള്ളതാണെന്നും ഗുരുവായൂർ ക്ഷേത്രനഗരത്തിൽ നിന്നുള്ള മാലിന്യങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ തോടുവഴി ഒഴുക്കിവിട്ട് ചക്കംകണ്ടം എന്ന കായലിൽ വർഷങ്ങളായി അടിഞ്ഞുകൂടിയതും പരിസരവാസികൾക്ക് ജീവിക്കാൻ കഴിയാതെ വന്നതുമായ കാര്യങ്ങൾ മാധ്യമങ്ങൾ വഴി ഏവർക്കും അറിവുള്ളതാണ്. ഗുരുവായൂർ ക്ഷേത്രക്കുളം ഉൾപ്പെടെ ആ പരിസരത്തുള്ള ജലസ്രോതസ്സുകൾ ഭീകരമായി മലിനീകരിക്കപ്പെട്ടിട്ടുണ്ടെന്ന് ശാസ്ത്രജ്ഞനായ ഡോ. പി. ആർ. മഹാദേവൻ പിള്ളയും മലിനീകരണ നിയന്ത്രണ ബോർഡും നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം നടക്കുകയാണ്. ഒപ്പം ചക്കംകണ്ടം നിവാസികൾ തങ്ങളുടെ ദുരിതത്തിനെതിരെ സമരത്തിലുമാണ്. 'ആതി', നഗരമാലിന്യം വഹിക്കുന്ന കായലിന്റെയും സമീപ ഗ്രാമത്തിന്റെയും കഥയാണ്. ഒഴുകിവരുന്ന മാലിന്യങ്ങളുടെ ഉറവിടം തീർത്ഥാടനകേന്ദ്രമായ നഗരമാണെന്ന് നോവൽ പറയുന്നുണ്ട്. സർഗ്ഗാത്മക രചയിതാവിന് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. പാർശ്വവത്കൃതരുടെ പ്രതിരോധങ്ങൾക്കൊപ്പം നിൽക്കുന്ന സാറാ ജോസഫിനെ അപമാനിക്കുകയാണ് പത്രസമ്മേളനം നടത്തിയ മാടമ്പി തറവാടികളുടെ സംഘടനയുടെ ലക്ഷ്യം. വർഗീയ ധ്രുവീകരണത്തിലൂടെ നിഷ്കളങ്കരായ ഭക്തരെ ഇളക്കിവിടാനും സംഘടന വ്യാമോഹിക്കുന്നു.

**– പി.എ. അശോകൻ**